**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4106** **09-08-2021 - ൽ മറുപടിയ്ക്ക്**

**ലെവൽ ക്രോസ്സുകൾക്ക് പകരം മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പ്രധാന പാതകളിലെ ലെവൽ ക്രോസ്സുകൾക്ക് പകരം മേൽപ്പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | കേരളത്തിലെ ലെവൽ ക്രോസുകൾ ഒഴിവാക്കുന്നതിന് "ബാരിയർ ഫ്രീ റോഡ് നെറ്റ്.വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" എന്ന പദ്ധതി ഉണ്ട്. പ്രാരംഭ ഘട്ടത്തിൽ 10 മേൽപ്പാലങ്ങളാണ് "ബാരിയർ ഫ്രീ റോഡ് നെറ്റ്.വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" പദ്ധതിയിൽ നിർമ്മിക്കുന്നത്. ഇവയുടെ നിർമ്മാണം Design Build Transfer Mode-ൽ ടെണ്ടർ ചെയ്ത് M/s SPL Infrastructure Pvt. Ltd. എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരി- ക്കുന്നത്. 3 മാസത്തെ ഡിസൈൻ പിരീഡ് ഉൾപ്പെടെ 12 മാസമാണ് കാലാവധി. പദ്ധതിയുടെ ഡിസൈൻ വർക്കുകളും, പൈൽ ടെസ്റ്റിനുള്ള പ്രവൃത്തികളും നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ എത്ര ലെവൽ ക്രോസ്സുകളിൽ മേൽപ്പാലം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ പുരോഗതി വിശദമാക്കാമോ; മേൽപ്പാലങ്ങൾ പൂർത്തീകരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | കേരളത്തിലെ ലെവൽ ക്രോസുകൾ ഒഴിവാക്കുന്നതിന് "ബാരിയർ ഫ്രീ റോഡ് നെറ്റ്.വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" എന്ന പദ്ധതി ഉണ്ട്. പ്രാരംഭ ഘട്ടത്തിൽ 10 മേൽപ്പാലങ്ങളാണ് "ബാരിയർ ഫ്രീ റോഡ് നെറ്റ്.വർക്ക് ലെവൽ ക്രോസ് ഫ്രീ കേരള" പദ്ധതിയിൽ നിർമ്മിക്കുന്നത്. ഇവയുടെ നിർമ്മാണം Design Build Transfer Mode-ൽ ടെണ്ടർ ചെയ്ത് M/s SPL Infrastructure Pvt. Ltd. എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരി- ക്കുന്നത്. 3 മാസത്തെ ഡിസൈൻ പിരീഡ് ഉൾപ്പെടെ 12 മാസമാണ് കാലാവധി. പദ്ധതിയുടെ ഡിസൈൻ വർക്കുകളും, പൈൽ ടെസ്റ്റിനുള്ള പ്രവൃത്തികളും നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെയാണോ നടപ്പിലാക്കുന്നത്; | (സി) | പദ്ധതി കിഫ്ബിയുടെ ധനസഹായ- ത്തോടെയാണ് നടപ്പാക്കുന്നത്. കിഫ്ബി |

| | | | |
|---|---|---|---|
| | നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും കിഫ്ബി നേരിട്ട് പരിശോധന നടത്താറുണ്ടോ; വിശദീകരിക്കുമോ; | | പരിശോധനകൾ നടത്താറുണ്ട്. |
| (ഡി) | പദ്ധതിയുടെ പൂർത്തീകരണത്തിന് കേന്ദ്ര സർക്കാരിന്റെയോ റെയിൽവേയുടെയോ എന്തെങ്കിലും സഹായമുണ്ടോ; വിശദീകരിക്കുമോ? | (ഡി) | പദ്ധതിയിൽപ്പെട്ട 10 പാലങ്ങളിൽ 7 എണ്ണം റെയിൽവേയുമായി ചെലവ് പങ്കിടൽ വ്യവസ്ഥയിൽ നടപ്പാക്കുന്നതാണ്. ഇവയുടെ ഭൂമി ഏറ്റെടുക്കൽ ഒഴികെയുള്ള നിർമ്മാണ ചെലവിന്റെ 50% റെയിൽവേയിൽ നിന്ന് ലഭിക്കും. |

സെക്ഷൻ ഓഫീസർ